Madhyamam - 27/04/22




തോട്ടവിള ഗവേഷണകേന്ദ്രത്തിൽ സംഘടിപ്പിച്ച കിസാൻമേള എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# കിസാൻമേള ഉദ്ഘാടനം ചെയ്തു

**കാസർകോട്:** കിസാൻ ഭാഗിദാരി പ്രാഥമികതാ ഹമാരിയുടെ ഭാഗമായി തോട്ടവിള ഗവേഷണകേന്ദ്രത്തിൽ സംഘടിപ്പിച്ച കിസാൻമേള എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പുതു സാങ്കേതികവിദ്യയിലൂടെ കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. കാർഷിക പ്രദർശനത്തിന്റെ ജില്ലതല ഉദ്ഘാടനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി ബാലകൃഷ്ണൻ നിർവഹിച്ചു. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.കെ. ഷമീറ സംസാരിച്ചു. തോട്ടവിള ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. അനിത കരുൺ മുഖ്യപ്രഭാഷണം നടത്തി. കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതികളുടെ വിശദീകരണം ജില്ല പ്രിൻസിപ്പൽ കൃഷി ഓഫിസർ ആർ. വീണാറാണി നിർവഹിച്ചു. നീലേശ്വരം കൃഷി ഓഫിസർ കെ.എ. ഷിജോ സംസാരിച്ചു.

കർഷകരും കാർഷിക ശാസ്ത്രജ്ഞരും തമ്മിലുള്ള മുഖാമുഖം പരിപാടിക്ക് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. തമ്പാൻ നേതൃത്വം നൽകി. കാസർകോട് ആത്മ പ്രോജക്ട് ഡയറക്ടർ ടി. സുശീല സ്വാഗതവും ഡോ. ടി.എസ്. മനോജ്കുമാർ നന്ദിയും പറഞ്ഞു.